# GNHSS KIZHUPPILLIKARA



# ACADEMIC MASTER PLAN
# 2025-2026

# ഉള്ളടക്കം

## ഹൈസ്കൂൾ


മലയാളം

അറബിക്

സംസ്കൃതം

ഹിന്ദി

ഇംഗ്ലീഷ്

ഗണിതം

സാമൂഹ്യശാസ്ത്രം

ഊർജ്ജതന്ത്രം

രസതന്ത്രം

ജീവശാസ്ത്രം


## അപ്പർ പ്രൈമറി


ഇംഗ്ലീഷ്

സാമൂഹ്യശാസ്ത്രം

ഗണിതശാസ്ത്രം പരിസ്ഥിതി പഠനം

ഹിന്ദി

# MALAYALAM

## ആമുഖം

വിദ്യാഭ്യാസ ലക്ഷ്യങ്ങളിലൊന്നായ സമഗ്ര വ്യക്തി വികാസത്തിലേക്ക് വിദ്യാർഥികളെ നയിക്കുന്നതിൽ സുപ്രധാനപങ്കാണ് വായനയ്ക്കുള്ളത്.

പാഠപുസ്തകങ്ങൾപ്പുറമുള്ള വായനയുടെ ലോകത്തിലേക്ക് പ്രവേശിക്കുന്നതിലൂടെ വിദ്യാർഥികളുടെ സർഗാത്മക ശേഷിയാണ് വികസിതമാകുന്നത്. വിജ്ഞാനത്തിന്റെ വിവിധ മണ്ഡലങ്ങളെ മാനവിക മൂല്യങ്ങളുമായി കോർത്തിണക്കുന്നതിനും അപരിചിതമായ ജീവിതാനുഭവങ്ങളെ തിരിച്ചറിയുന്നതിനുമായി വിദ്യാർഥികളിൽ വായനാനുഭവം വളർത്തേണ്ടത് അനിവാര്യമാണ്. ആനന്ദകരമായ അനുഭവമായി പുസ്തകവായനയെ കുട്ടികൾ തിരിച്ചറിയുംവിധമുള്ള നിരന്തരപ്രവർത്തനങ്ങളാണ് 2024-25 അധ്യയനകാലയളവിൽ സ്കൂളിൽ ആസൂത്രണം ചെയ്തിട്ടുള്ളത്. ഓരോ വിദ്യാർത്ഥിയിലൂടെയും രൂപപ്പെടുന്ന വായനസംസ്കാരത്തിലേക്ക് വിദ്യാലയത്തെ എത്തിക്കുകയെന്ന ലക്ഷ്യമാണ് ഈ ആസൂത്രണത്തിനുള്ളത്.

## ലക്ഷ്യം

1. 5 മുതൽ 10 വരെ ക്ലാസ്സുകളിലെ ഓരോ കുട്ടിയും ആർജിക്കേണ്ട ഭാഷാപരമായ ശേഷികളും ധാരണകളും നൈപുണികളും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തും.

2. കുട്ടികളിലെ രചനാപരമായ ശേഷി കണ്ടെത്തുന്നതിനും പ്രകടിപ്പിക്കുന്നതിനും വേദി സജ്ജമാക്കുക.

3. കുട്ടികളിൽ വായനയുടെ സംസ്കാരം വളർത്തുക.

## മാതൃഭാഷാപഠനം - പ്രശ്നങ്ങൾ

1. 5 മുതൽ 10 വരെ ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരത്തിൽ എത്താൻ കഴിയുന്നില്ല.

2. സർഗ്ഗാത്മക രചനകൾക്ക് വേണ്ടത്ര പ്രാധാന്യവും പ്രോത്സാഹനവും ലഭിക്കുന്നില്ല.

3. വായനയുടെ ലോകത്തേക്ക് കുട്ടികളെ എത്തിക്കാൻ കഴിയുന്നില്ല.

## പ്രശ്നവിശകലനം

| കാരണങ്ങൾ | പരിഹാര നിർദ്ദേശം - പദ്ധതി |
|---|---|
| 1. വായനയോടുള്ള താല്പര്യകുറവ്<br>2. ലൈബ്രറി ഫലപ്രദമായി ഉപയോഗിക്കുന്നില്ല<br>3. വായന പ്രവർത്തനങ്ങൾക്കുള്ള സമയക്കുറവ്<br>4. സർഗാത്മക രചനകൾക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല<br>5. ഭാഷാ വ്യവഹാരങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല | 1. പിറന്നാളിനൊരു പുസ്തകം<br>2. വായനക്കുറിപ്പ്<br>3. കഥ, കവിത, ശില്പശാല<br>4. സെമിനാർ<br>5. ചുവർ മാഗസിൻ<br>6. കൈയെഴുത്ത്/ ഡിജിറ്റൽ മാഗസിൻ<br>7. സാഹിത്യപഠനയാത്ര<br>8. വായനക്കൂട്ടം - പുസ്തക ചർച്ച<br>9. അഭിമുഖം |

# പ്രവർത്തനപദ്ധതി വിശദീകരണം

പ്രവർത്തനം-1

## പിറന്നാളിനൊരു പുസ്തകം

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം | വിഷയസമിതി | ജൂൺ<br>മെയ് | | |
| SRG അംഗീകാരം | വിഷയസമിതി | മെയ് | | |
| പദ്ധതി നടത്തിപ്പ് | വിഷയസമിതി | ജൂൺ-ഫെബ്രുവരി | 200 | രക്ഷിതാവ് |
| പുസ്തക സമാഹരണം | ലൈബ്രേറിയൻ | ജൂൺ-ഫെബ്രുവരി | | |

പ്രവർത്തനം-2

## വായനക്കുറിപ്പ്

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം | വിഷയസമിതി | ജൂൺ-മെയ് | | |
| SRG അംഗീകാരം | വിഷയസമിതി | മെയ് | | |
| നടത്തിപ്പ് | ക്ലാസ്സ് ടീച്ചർ | ജൂൺ-ഫെബ്രുവരി | 200 | രക്ഷിതാവ് |
| വായനക്കുറിപ്പ് സമാഹരണം | ക്ലാസ്സ് ലീഡർ | ജൂൺ-ഫെബ്രുവരി | | |
| പതിപ്പ് തയ്യാറാക്കൽ | കൺവീനർ<br>വായനക്കൂട്ടം | മാസത്തിൽ ഒന്ന് | 500 | PTA |

പ്രവർത്തനം-3

## ശില്പശാലകൾ - കഥ, കവിത,ആസ്വാദനം

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആലോചനായോഗം | വിഷയസമിതി | ജൂൺ | | |
| ശില്പശാല - കഥ | വിഷയസമിതി | ജൂൺ | | PTA |
| ശില്പശാല - കവിത | വിഷയസമിതി | ജൂലൈ | 2000 | PTA |
| ശില്പശാല – ആസ്വാദനം | വിഷയസമിതി | ആഗസ്റ്റ് | 2000 | PTA |
| ഡോക്യുമെന്റേഷൻ | ലിറ്റിൽ കൈറ്റ്സ് | ആഗസ്റ്റ് | 2000 | |

പ്രവർത്തനം-4

## ശില്പശാലകൾ - സെമിനാർ

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയ രൂപീകരണം | വിഷയസമിതി | ആഗസ്റ്റ് | | |
| കേരളപാഠാവലി അടിസ്ഥാന പാഠാവലി യൂണിറ്റിനെ അടിസ്ഥാനമാക്കി സെമിനാർ | വിഷയസമിതി | ആഗസ്റ്റ് | | |
| ഡോക്യുമെന്റേഷൻ | ലിറ്റിൽ കൈറ്റ്സ് | ആഗസ്റ്റ് | | |

പ്രവർത്തനം-5

## ചുവർ മാഗസിൻ

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയ രൂപീകരണം | വിഷയസമിതി | ജൂൺ | | |
| ഉദ്ഘാടനം | വിഷയസമിതി | ജൂൺ | | |
| പദ്ധതി നടത്തിപ്പ് | ക്ലാസ്സ് ടീച്ചർ /എഡിറ്റർ | ജൂൺ - ഫെബ്രുവരി | | |

പ്രവർത്തനം-6

## കൈയെഴുത്ത്/ ഡിജിറ്റൽ മാഗസിൻ

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയ രൂപീകരണം | വിഷയസമിതി | ജൂൺ | | |
| സൃഷ്ടികൾ സ്വീകരിക്കൽ | ക്ലാസ് എഡിറ്റർ | സെപ്റ്റംബർ | | |
| തിരഞ്ഞെടുപ്പ് | എഡിറ്റോറിയൽ ബോർഡ് | സെപ്റ്റംബർ | | |
| നിർമ്മാണം | എഡിറ്റോറിയൽ ബോർഡ് | സെപ്റ്റംബർ | | |

പ്രവർത്തനം-7

## സാഹിത്യപഠനയാത്ര

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആലോചനായോഗം | വിഷയസമിതി | ജൂലൈ | | |
| പഠനയാത്ര | ടൂർ കൺവീനർ | ജൂലൈ | 10000 | രക്ഷിതാക്കൾ |
| യാത്രാനുഭവക്കുറിപ്പ് | ക്ലാസ്സ് ടീച്ചർ | ജൂലൈ | | |
| പതിപ്പ് നിർമ്മാണം | കൺവീനർ വായനക്കൂട്ടം | ജൂലൈ | 500 | PTA |

പ്രവർത്തനം-8

## വായനക്കൂട്ടം - പുസ്തകച്ചർച്ച

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം | വിഷയസമിതി | മെയ് | | |
| വായനക്കൂട്ടം രൂപീകരണം | കൺവീനർ വായനക്കൂട്ടം | ജൂൺ | | |
| പുസ്തക ചർച്ച - വെള്ളിയാഴ്ചക്കൂട്ടം | കൺവീനർ വായനക്കൂട്ടം | ജൂൺ- ഫെബ്രുവരി | | |

പ്രവർത്തനം-9

## അഭിമുഖം

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയ രൂപീകരണം | കൺവീനർ വായനക്കൂട്ടം | ജൂൺ | | |
| അഭിമുഖം | കൺവീനർ വായനക്കൂട്ടം | മാസത്തിൽ ഒന്ന് | 4500 | PTA |
| ഡോക്യുമെന്റേഷൻ | ലിറ്റിൽ കൈറ്റ്സ് | | | |

# പരിഹാര പ്രവർത്തനം - പദ്ധതി വിശദാംശങ്ങൾ

## 1. പിറന്നാളിനൊരു പുസ്തകം

കുട്ടികളുടെയും അധ്യാപകരുടെയും പിറന്നാൾദിനം സ്കൂൾ ലൈബ്രറിയിലേക്ക് ഒരു പുസ്തകം സമ്മാനമായി നൽകുക എന്നതാണ് ഈ പദ്ധതി. 'പിറന്നാൾ ദിനം അർത്ഥപൂർണ്ണമാക്കാൻ ഇതിലൂടെ കഴിയും. വിദ്യാർഥികൾക്ക് പുതിയ പുസ്തകങ്ങൾ പരിചയപ്പെടാനും ലൈബ്രറി പുസ്തകങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാനും ഈ പദ്ധതി സഹായകമാകും. മിഠായി വിതരണം പാടേ ഒഴിവാക്കി പുസ്തകസമ്മാനത്തിലേക്ക് മാറുമ്പോൾ സ്കൂൾ പരിസരത്തെ പ്ലാസ്റ്റിക് വസ്തുക്കളുടെ വ്യാപനം കുറയുകയും ചെയ്യും. ക്ലാസ്മുറികളിൽവച്ച് ടീച്ചറിന്റെ നേതൃത്വത്തിലും അസംബ്ലിയിൽ വച്ച് ലൈബ്രേറിയന്റെ നേതൃത്വത്തിലും കുട്ടികളിൽ നിന്ന് പുസ്തകം സ്വീകരിക്കാവുന്നതാണ്.

## 2. വായനക്കുറിപ്പ്

കുട്ടികൾ സ്വയം അറിവ് നിർമ്മിച്ച് ആശയങ്ങളും ധാരണകളും നൈപുണികളും മനോഭാവങ്ങളും വികസിപ്പിക്കുന്നതിന് വിഭാവനം ചെയ്യുന്ന പാഠ്യപദ്ധതിയാണ് നിലവിലുള്ളത്. കാലികവും ശാസ്ത്രീയവുമായ പിന്തുണയുള്ള ഈ സമീപനം കുട്ടികളെ സ്വയംപഠനത്തിലേക്ക് നയിക്കും. ഇതിന് വായനയും റഫറൻസും പഠനപ്രക്രിയയുടെ ഭാഗമായി നടക്കണം. വായനയെ പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ പുസ്തകങ്ങൾ പരിചയപ്പെടുന്നതിനുമുള്ള പദ്ധതിയാണ് വായനക്കുറിപ്പ്.എല്ലാ ദിവസവും ക്ലാസ് ആരംഭിക്കുമ്പോൾ ടീച്ചറുടെ നേതൃത്വത്തിൽ വായനക്കുറിപ്പ് അവതരണം നടത്തണം. ഓരോ ആഴ്ചയിലെയും മികച്ച കുറിപ്പുകൾ വായനക്കൂട്ടം കൺവീനർ സമാഹരിച്ച് ഏറ്റവും മികച്ചത് തെരഞ്ഞെടുത്ത് സ്കൂൾ അസംബ്ലിയിൽ വെച്ച് വായിക്കണം. അവതരിപ്പിക്കുന്ന കുട്ടിക്ക് അസംബ്ലിയിൽ വെച്ച് സമ്മാനവും നൽകണം. മികച്ച വായന കുറിപ്പുകൾ ചേർത്ത് പതിപ്പ് തയ്യാറാക്കി പ്രകാശനം നടത്തണം.

## 3. കഥ, കവിത, ആസ്വാദനം -ശിൽപശാല

കുട്ടികളുടെ സർഗാത്മകശേഷി കണ്ടെത്താനും പരിപോഷിപ്പിക്കാനും ശില്പശാലകൾക്ക് കഴിയും. ക്ലാസ് തലത്തിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാലകൾ സംഘടിപ്പിക്കണം. ഭാഷാ അധ്യാപകർക്ക് പുറമേ സാഹിത്യ ആസ്വാദകരായ മറ്റു അധ്യാപകർ, പ്രാദേശിക എഴുത്തുകാർ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരെ ഉപയോഗപ്പെടുത്താവുന്നതാണ്. ഓരോ ശില്പശാലയും ഡോക്കുമെന്റ് ചെയ്യണം. കുട്ടികളിൽ ഉണ്ടായ മാറ്റം അടയാളപ്പെടുത്തണം.

## 4. സെമിനാർ

അന്വേഷണാത്മക പഠനത്തിന്റെയും വിമർശനാത്മക പഠനത്തിന്റെയും അനന്തസാധ്യതകൾ തുറന്നിടുന്നതാണ് സെമിനാർ. പാഠപുസ്തകങ്ങളിലെ വിഷയത്തെ അടിസ്ഥാനമാക്കിയാവണം സെമിനാർ നടത്തേണ്ടത്. ക്ലാസ്, സ്കൂൾ തലങ്ങളിൽ സംഘടിപ്പിക്കണം. ഓരോ ക്ലാസിലെയും കുട്ടികളെ ഗ്രൂപ്പുകളാക്കി തിരിച്ച് വിഷയങ്ങൾ നൽകണം. ഇത് കുട്ടികളിൽ സംഘബോധം വളർത്തും. സ്കൂൾതല സെമിനാർ ഡോക്കുമെന്റ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

## 5. ചുമർ മാഗസിൻ

ഓരോ ക്ലാസിനും ചുമർ മാഗസിൻ ഉണ്ടായിരിക്കണം. ക്ലാസ് മുറിക്കുള്ളിൽത്തന്നെ അതിനായി അനുയോജ്യമായ സ്ഥലം തിരഞ്ഞെടുക്കണം. കഥ, കവിത, ലേഖനം, വാർത്തകൾ, കാർട്ടൂണുകൾ തുടങ്ങി വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉൾപ്പെടുത്തണം. ഓരോ ആഴ്ചയിലും പുതിയ സൃഷ്ടികൾ പതിക്കണം. ഇതിനായി പത്രാധിപസമിതി തിരഞ്ഞെടുക്കണം

## 6. കൈയെഴുത്ത് / ഡിജിറ്റൽ മാഗസിൻ

പഠന പ്രവർത്തനത്തിന്റെയും ദിനാചരണങ്ങളുടെയും ഭാഗമായി ധാരാളം രചനകൾ കുട്ടികൾ വികസിപ്പിക്കാറുണ്ട്. ക്ലാസ് തലത്തിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തത്തോടെ മാഗസിൻ വികസിപ്പിക്കണം. മാഗസിന്റെ വർദ്ധിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ രൂപപ്പെടുത്തണം. ക്ലാസ്സുകൾ തമ്മിൽ മത്സരവും കുട്ടികൾക്ക് പ്രോത്സാഹനവും നൽകണം. ഇതിനായി ക്ലാസ് തല പത്രാധിപസമിതി രൂപീകരിക്കണം. ചുമർ മാഗസിനിലെ സൃഷ്ടികൾ ഉപയോഗിക്കാവുന്നതാണ്.

## 7. സാഹിത്യപഠനയാത്ര

മാതൃഭാഷയും സംസ്കാരവുമായി ബന്ധപ്പെട്ട സ്ഥലങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ച് അവയുടെ പ്രാധാന്യവും പ്രസക്തിയും തിരിച്ചറിയുന്നതിനുള്ള പദ്ധതി. ഇതിന്റെ പ്രാധാന്യം ക്ലാസ് പി റ്റി എയിൽ അവതരിപ്പിക്കുകയും രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ അധ്യാപകരും കുട്ടികളും ക്ലാസ് അടിസ്ഥാനത്തിൽ പഠനയാത്ര നടത്തണം. ഇതിന്റെ ഡോക്യുമെന്റേഷൻ തയ്യാറാക്കണം. ഭാഷയോടും കേരളസംസ്കാരത്തോടും ആദരവും സ്നേഹവും വളർത്തുവാൻ ഇത് സഹായിക്കും.

# ARABIC

# GNHSS KIZHUPILLIKARA
# ACADEMIC MASTER PLAN 2025 – 26

## വിഷയം : അറബിക്

**പ്രശ്നം:** സ്വതന്ത്ര വായനക്ക് പ്രയാസം നേരിടുന്നു.
**ലക്ഷ്യം:** അറബി ഭാഷ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികളെയും പ്രസ്തുത ഭാഷയിൽ മികച്ച വായനക്കാരാക്കുക

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായിക്കാം വളരാം<br>هيا نقرأ | നിലാവാര പഠനം | ജൂൺ 12- 25 | AT | 100/- |
| | വിശകലനം | ജൂൺ 30 | AT | |
| | വായന സാമഗ്രികൾ ശേഖരിക്കൽ ( കാർഡ്, പുസ്തകങ്ങൾ എന്നിവ ) | ജൂലൈ- 15 | PTA, AC | 750/- |
| | തുടർവായന | ജൂലൈ 15 – ജനുവരി 15 | AT, AC | |
| | ആശയവിവരണം | ആഴ്ചയിൽ | AC | |
| | വായന ഫെസ്റ്റ് | ജനുവരി 1- 10 | PTA, AC | 1500/- |

**പ്രശ്നം:** സ്വതന്ത്ര ആശയ വിനിമയത്തിന് പ്രയാസം നേരിടുന്നു.
**ലക്ഷ്യം:** ആശയ വിനിമയ ശേഷി വർദ്ധിപ്പിക്കൽ.

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബിയിൽ സംസാരിക്കാം<br>هيا نتكلم في العربية | മെറ്റീരിയൽ ശേഖരിക്കുക | ജൂലൈ 1- 30 | PTA, AC | 500/- |
| | കേൾക്കാം പറയാം | ആഗസ്റ്റ് 5- ഡിസംബർ 30 | AC | |

**പ്രശ്നം:** അറബി ഭാഷ നിഘണ്ടു ഉപയോഗിക്കാൻ പ്രയാസം നേരിടുന്നു.
**ലക്ഷ്യം:** അറബി ഭാഷ പഠിക്കുന്ന വിദ്യാർത്ഥികളെ അറബിക് ഭാഷ നിഘണ്ടു ഉപയോഗിക്കാൻ പ്രപ്തരാക്കുന്നു.

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബിക് നിഘണ്ടു പരിചയപ്പെടാം<br><br>هيا نفهم معجم العربية | നിഘണ്ടു പരിചയപ്പെടൽ | ജൂൺ - ആഗസ്ത് | AT | |
| | ക്രിയകൾ മനസ്സിലാക്കൽ | ജൂൺ - ആഗസ്ത് | AT | |
| | എന്റെ നിഘണ്ടു | ജൂലൈ- ജനുവരി | AC | 200/- |

**പ്രശ്നം:** പദസമ്പത്തിന്റെ കുറവ്
**ലക്ഷ്യം:** പദസമ്പത്ത് വർദ്ധിപ്പിക്കൽ, അറബിക് ഭാഷയെ കൂടുതൽ അറിയൽ

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പദങ്ങളെ പരിചയപ്പെടാം | പദച്ചങ്ങല നിർമ്മാണം | ജൂലൈ- ജനുവരി | AC | 100/- |

| | | | | |
|---|---|---|---|---|
| هيا نفهم ألفاظ العربية | പദപയറ്റ് | ജൂലൈ | AC | 200/- |
| | പദകേളി | ജൂലൈ-ആഗസ്ത് | AC | 200/- |
| അറബിക് ക്ലബ്ബ് نادي اللغة العربية | ക്ലബ്ബ് രൂപീകരണം | ജൂൺ 28 | AC | |
| | ക്ലബ്ബ് പ്രവർത്തന കലണ്ടർ | ജൂലൈ | AC, CLUB Members | |
| | **“അന്നശീത്വ്"** അറബിക് സ്കോളർഷിപ്പ് പരീക്ഷ | ആഗസ്ത്-സെപ്തംപർ | AC | 1000/- |

| | | | | |
|---|---|---|---|---|
| | **അറബിക് ഡേ** ദിനാചരണ കാമ്പയ്ൻ | സെപ്തംപർ-ഡിസംബർ | P TA, AC, CLUB | 1500/- |
| | മാഗസിൻ പ്രകാശനം | നവംബർ | AC, CLUB | 500/- |
| | ദിനാചരണങ്ങൾ | ജൂൺ-ജനുവരി | AC, CLUB | |

***AC: Academic Council***
***AT: Academic Teacher***

# SANSKRIT

# മാസ്റ്റർപ്ലാൻ

## ആമുഖം

### അക്കാദമികമായിനടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

- വായനാ പ്രോത്സാഹനം-എല്ലാസ്റ്ററാഫുകളുടെയും സഹായത്തോടെ മാസികകൾ. ആനുകാലികപ്രസിദ്ധീകരണങ്ങൾ വരുത്തു
- വായനകുറിപ്പുകൾ .കയ്യെഴുത്ത് മാസിക തയ്യാറാക്കൽ,പ്രദർശിപ്പിക്കൽ.
- സർഗ വേളകൾ സംഘടിപ്പക്കൽ.* പഠന-പാഠ്യേതര പ്രവർത്തനങ്ങൾ -മികവുകൾ-സമൂഹത്തിൽ എത്തിക്കൽ. (ദിനാചരണങ്ങൾ,സെമിനാർ,കവിയരങ്ങ്,.......)
- സ്കൂൾ റേഡിയോ ക്ലബ് -കൃത്യനിഷ്ഠയോടെ പ്രവർത്തിക്കും.
- ഫെയിസ് ബുക്ക്,സ്കൂൾ വിക്കി ,എന്നിവയുടെ ഉപയോഗം -സമൂഹത്തെ അറിയിക്കൽ,
- വിവിധ ക്ലബുകൾ വർഷാദ്യംതന്നെ രൂപീകരിക്കുന്നു
- ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ.
- വായനകുറിപ്പുകൾ .കയ്യെഴുത്ത് മാസിക തയ്യാറാക്കൽ,പ്രദർശിപ്പിക്കൽ.
- സ്കൂൾ മാഗസീൻ തയ്യാറാക്കൽ.(it)
- അവധിക്കാല വ്യക്തിത്വ വികസന ക്യാമ്പ്.
- കരിയർ ഗൈഡൻസ് ക്ലാസുകൾ,പ്രദർശനങ്ങൾ.
- അഭിമുഖം,സംവാദങ്ങൾ.
- അസംബ്ലികൾ (വിവിധ വിഷയങ്ങൾ)
- മികച്ച അവതരണങ്ങൾക്ക് സമ്മാന വിതരണം.
- പൊതുവിജ്ഞാനം വർദ്ധിപ്പിക്കാൻ വ്യക്തികളുടെയും, സാമൂഹികസന്നദ്ധസംഘടനകളുടെ സഹായം.

# വിഷയാടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ

## സംസ്കൃതം

**പ്രതീക്ഷിത നേട്ടങ്ങൾ**

- സംസ്കൃതപഠനത്തിന് താത്പര്യം ജനിപ്പിക്കും.
- സംസ്കൃത അക്ഷരപഠനം.
- അക്ഷരസ്പുടതയോടെ സംസ്കൃത പദങ്ങൾ വായിക്കുവാനുള്ള കഴിവ് നേടും.
- സുഭാഷിതങ്ങൾ ആലപിക്കാനുള്ള കഴിവ് നേടും.
- വാക്യങ്ങൾ എഴുതുവാനുള്ള ശേഷി നേടും.
- സംസ്കൃതത്തിൽ സംസാരിക്കുവാനുള്ള ശേഷി നേടും
- കഥ,കവിത ,എന്നിവ എഴുതാനും, പാടാനും ഉള്ള കഴിവുനേടും.
- ഭാഷാലാബ് നിർമാണം.
- ഹ്രസ്വചിത്രങ്ങൾ നിർമ്മിക്കാൻ ശേഷികിട്ടുന്നു.

| ക്രമസംഖ്യ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | കേൾവി | സംസ്കൃത കളരി<br>സംസ്കൃത ലഘു ഗാനങ്ങൾ കേൾപ്പിക്കുന്നു<br>അക്ഷര ഗാനം.സംഖ്യാ ഗാനം, സുഭാഷിതങ്ങൽ...)<br><br>കൂടെ പാടിക്കുന്നു<br>അക്ഷരശ്ലോക സദസ്<br>ictസാധ്യത പരമാവതി പ്രയോഗിച്ച് പരമാവധി | 1 month<br><br>one year | Skt trs<br><br>skt trs,students | | |

| | | | | | | |
|---|---|---|---|---|---|---|
| | | കേശ്വിക്കുള്ള അവസരം ഒരുക്കുന്നു. | | | | |
| 2 | എഴുത്ത് | എഴുത്ത് രീതി പരിചയപ്പെടുത്തുന്നു<br><br>അക്ഷരങ്ങളുടെ പുറത്തുകൂടി വീണ്ടും വീണ്ടും എഴുതി പഠിപ്പിക്കുന്നു.കുത്തുകള ് യോജിപ്പിച്ച് അക്ഷരങ്ങളുടെ എഴുത്തും വായനയും നടത്തുന്നു<br><br>ഗ്രൂപ്പുകളിൽ വർണ്ണമാലാ ചാർട്ട് നിർമ്മാണം നടത്തുന്നു.<br>ശബ്ദകോശം<br>ചിത്രപദകോശം<br><br>സംഖ്യാകോശം<br>വാക്യരചന<br>സംഭാഷണരചന<br>പ്രശ്നവാചകപദങ്ങൾ എഴുതുന്നു | 1 month<br><br>one year | Skt trs | | |
| 3 | വായന | ഭാഷാലാബ് നിർമ്മാണം<br>പുസ്തകപരിചായനം<br>കഥാകഥനം | One year | Trs.students | | |
| 4 | അവതരണം | സംഭാഷണം<br>നാടകാഭിനയം | One year | | | |
| 5 | ചിത്രീകരണം | വിവിധഡോക്യുമെന്ററികൾ നിർമ്മിക്കൽ | One year | Trs,students | | |

# HINDI

മേഖല : അക്കാദമികം    ഉപമേഖല : ഹിന്ദി ഭാഷ ക്ലാസ് തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യ വാരം | 8 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ. CWSN, SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |
| 2 | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന , ഭാഷാപോഷിണി പ്രവർത്തനങ്ങൾ . പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു.CWSN,SLOW LEARNER കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തനപാക്കേജ്. | ജൂൺ രണ്ടാം വാരം | 8,9, 10 | ഹിന്ദി അധ്യാപകർ, മറ്റ് ഭാഷാധ്യാപകർ | |
| 3 | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക. ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക., ഹിന്ദിയിൽ എണ്ണം,ആഴ്ച,മാസം , എന്നിവയുടെ ദൈനംദിന അവതരണം | പ്രതിദിനം | 8,9 | ഹിന്ദി അധ്യാപകർ | |
| 4 | CWSN,SLOW LEARNERS കുട്ടികൾക്കായി പ്രത്യേകം പസിലുകൾ, ഐസിടി മുഖാന്തിരം പലവർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം | ആഴ്ചയിൽ ഒരു പ്രാവശ്യം | 8,9, 10 | ഹിന്ദി അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 5 | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | ആഴ്ചയിൽ ഒരു പ്രാവശ്യം | 58, 9,10 | ഹിന്ദി അധ്യാപകർ | |
| 6 | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക. | ദിനാചരണവുമായി ബന്ധപ്പെട്ട് | 9,10 | ഹിന്ദി അധ്യാപകർ | |
| 7 | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ജനുവരി | 9,8 | ഹിന്ദി അധ്യാപകർ | |
| 8 | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിനം | 8,9 | ഹിന്ദി അധ്യാപകർ | |
| 9 | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം<br>• ഹിന്ദി ഡോക്യുമെന്ററി, സിനിമ കാണാനുള്ള അവസരം<br>• വാർത്തകൾ കാണാനുള്ള അവസരം | 6 മാസം | 9,10 | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ | |
| 10 | • കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തികൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവർത്തനപാക്കേജുകൾ | 6 മാസം | 8,9, 10 | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ | |

# ENGLISH

# ACADEMIC MASTER PLAN - ENGLISH

| SL. NO. | AIM | ACTIVITIES | METHOD | PERIOD | RESPONSIBILITY | FINANCIAL ANALYSIS |
|---|---|---|---|---|---|---|
| 1. | To make the students communicate with self confidence, to develop their creative writing skill and to over come their stage fear | *English assembly<br><br>*English club activities including competitions like essay writing, story writing, versification, speech, recitation and discussions | Classes are selected turn wise. **(Participation of differently abled)**<br><br>Selecting one activity and conducting a competition. | Once in a week.<br><br>Once in a month during Fridays. | Class teacher<br><br>English teacher | English Club |
| 2. | To improve Language expertise and reading habits among students | Class Library | Distributing English story books to read and to prepare book reviews. | Once in a month | English teacher | SRG, English Club |
| 3. | To give opportunities for creative works | Role play, Seminar, choreography | Text based **(Participation of differently abled)** | Class room activities | English teacher | English Club |
| 4. | To improve reading and writing skills | *News paper reading competitions<br><br>*News report writing | Students are given a newspaper to read with correct pronunciation.<br><br>Preparing News reports (Text based) | Class room activities | English teacher | English Club |
| 5. | Dramatisation | Presenting Skits, puppet Shows | Based on English Text **(Participation of differently abled)** | Class room activities | English Teacher | PTA, English Club |

# ACADEMIC MASTER PLAN - ENGLISH

| | | | | | | |
|---|---|---|---|---|---|---|
| 6. | Appreciation of verses | Listening to English audio, recitation and writing appreciation | Text based as well as other poems | Class room activity | English Teacher | English Club |
| 7. | To improve English basics | Special classes for needy students | Classes before or after school time. | For the first three months | English teacher | English Club |
| 8. | English development through ICT | Telecasting interviews and discussions involving famous personalities | Text based | Class room activity | English teacher | SRG, PTA |
| 9. | To encourage students to share their thoughts and perspectives through writings, art and design. | Class Magazines | Students are asked to express their creativity and create class magazines | English club activity | English teacher, Class teacher | English Club |
| 10. | To provide a platform for showcasing and promoting creativity. | Exhibitions | Students are asked to come up with new language games or chart presentations of their creative works. | English club activity | English teacher | PTA |

# MATHEMATICS

# GNHSS KIZHUPPILLIKARA ഗണിതം അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26(ഹൈസ്കൂൾ)

| നമ്പർ | പ്രവർത്തനം | ഉദ്ദേശം | പ്രവർത്തനരീതി | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|---|---|---|
| | വർക്ക് സീറ്റുകൾ തയ്യാറാക്കൽ | പാഠ്യഭാഗങ്ങളിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ട് ഓരോ കുട്ടിയും തയ്യാറാക്കുന്ന ചോദ്യങ്ങൾ ഉൾപ്പെടുത്തി ഒരു ചോദ്യാവലി തയ്യാറാക്കുന്നു ഈ വർക്ക് ഷീറ്റ് എല്ലാ കുട്ടികൾക്കും പരിചയപ്പെടുത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപകർ കുട്ടികൾ | |
| | ഗണിത മാഗസിൻ തയ്യാറാക്കൽ | ഗണിതവുമായി ബന്ധപ്പെട്ട ആശയങ്ങളുടെ ലളിതമായ ആവിഷ്കാരം ,കലയുമായി ഗണിതത്തെ കൂട്ടിച്ചേർക്കുന്നു | കുട്ടികൾ തയ്യാറാക്കുന്ന ഗണിതവുമായി ബന്ധപ്പെട്ട കവിതകൾ കഥകൾ ഗണിത കളികൾ പസിലുകൾ നമ്പർ ചാർട്ട് ജോമെട്രിക് ചാർട്ടുകൾ എന്നിവ ശേഖരിച്ച് ഒരു അവ കൂട്ടിച്ചേർത്ത് ഒരു മാഗസിൻ തയ്യാറാക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപകർ കുട്ടികൾ | |
| | ഗണിത പ്രദർശനം | ഗണിത പ്രാധാന്യമുള്ള ദിവസങ്ങളിൽ ഗണിത ആശയവും അതുമായി ബന്ധപ്പെട്ട ശാസ്ത്രജ്ഞന്മാരുടെ സംഭാവനകളും പരിചയപ്പെടുത്താൻ | ഓരോ ദിവസങ്ങളുടെയും പ്രത്യേകതക്കനുസരിച്ച് അതുമായി ബന്ധപ്പെട്ട ആശയങ്ങളും അതുമായി ബന്ധപ്പെട്ട ശാസ്ത്രജ്ഞന്മാരുടെ സംഭാവനകളും എല്ലാ വിദ്യാർത്ഥികൾക്കും പരിചയപ്പെടുത്തുന്നതിനായി ഒരു പ്രസന്റേഷൻ രൂപത്തിൽ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപകർ കുട്ടികൾ | |
| | അധികസമയ ഗണിത പഠനം | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ആയുള്ള ക്ലാസുകൾ പഠന വിടവ് നികത്താൻ സഹായിക്കുന്നു | ക്ലാസ് സമയത്തിന് ശേഷം ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ഗണിത ആശയങ്ങൾ കൂടുതൽ മനസ്സിലാകുന്നതിനായി ചതുഷ്ക്രിയകൾക്ക് പ്രാധാന്യം നൽകി അടിസ്ഥാന ആശയങ്ങൾ വ്യക്തമായി ആവർത്തിച്ച് പഠിപ്പിക്കുന്നു. | ജൂലൈ മുതൽ മാർച്ച് വരെ | ഗണിത അധ്യാപകർ ക്ലാസ്ടീച്ചേഴ്സ് | |
| | | | | | | |

| | പ്രവർത്തനം | ഉദ്ദേശം | പ്രവർത്തനരീതി | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|---|---|---|
| | ഗണിത ലാബ് സജ്ജീകരണം | രവർത്തനങ്ങളിലൂടെയും കുട്ടികൾ തയ്യാറാക്കുന്ന മോഡലുകളും രൂപങ്ങളും ചേർത്തുള്ള ഗണിത പഠനം | നിത്യോപയോഗ സാധനങ്ങൾ കണ്ടെത്തി അവയിലൂടെ കുട്ടികൾ തയ്യാറാക്കുന്ന ഗണിതവുമായി ബന്ധപ്പെട്ട രൂപങ്ങളുടെയും മോഡലുകളുടെയും ശേഖരണവും അതിന്റെ പ്രദർശനവും | ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപകർ ഗണിത ക്ലബ് അംഗങ്ങൾ | |
| | ഗണിത മേളകൾക്കായി കുട്ടികളെ ഒരുക്കൽ | ഗണിതമേളകളിൽ ഉൾപ്പെട്ട ഇനങ്ങൾ പരിചയപ്പെടുത്തി കുട്ടികളിൽ ക്രിയാത്മകശേഷി വർദ്ധിപ്പിച്ച് ഗണിത മേളകളിലുള്ള സജീവ പങ്കാളിത്തം | നമ്പർ ചാർട്ട് ജോമട്രിക്കൽ ചാർട്ട് പസിലുകൾ ഗെയിം സെമിനാർ പ്രസന്റേഷൻ തുടങ്ങിയ മത്സരയിനങ്ങൾ സ്കൂൾ തലത്തിൽ നടത്തി വിജയികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകി മേളകളിൽ പങ്കെടുപ്പിക്കുന്നു. | ജൂൺ മുതൽ ജനുവരി വരെ | ഗണിത അധ്യാപകർ കുട്ടികൾ | |
| | ഗണിത ക്ലബ്ബ് രൂപീകരണവും പ്രവർത്തനവും | ഗണിതത്തിൽ താല്പര്യമുള്ള കുട്ടികളുടെ കൂട്ടായ്മയും ഗണിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും | സ്കൂളിലെ ഗണിത പ്രവർത്തനങ്ങൾ ക്ലബ്ബ് മെമ്പർമാരുടെ നേതൃത്വത്തിൽ നടത്തുക കൺവീനർ ജോയിൻ കൺവീനർ എന്നീ പദവികൾ വിദ്യാർത്ഥികൾക്ക് നൽകി പ്രവർത്തനങ്ങളുടെ ഏകോപനം നേതൃത്വം അവരെ ഏൽപ്പിക്കുക | ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപകർ ക്ലബ്ബ് മെമ്പർമാർ | |
| | ഗിഫ്റ്റഡ് വിദ്യാർത്ഥികൾക്കായുള്ള പ്രവർത്തനങ്ങൾ | ഗണിതത്തിൽ മുന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ ഗണിതശേഷി ഒന്നുകൂടി വർദ്ധിപ്പിക്കൽ | ക്വിസ് മത്സരങ്ങൾ സെമിനാറുകൾ പ്രോജക്ട് തയ്യാറാക്കലുകൾ എന്നിവയിലൂടെ കൂടുതൽ മികവോടെ പ്രതിഭകളെ വളർത്തൽ<br>മറ്റു കുട്ടികൾക്ക് പ്രചോദനമാകുന്ന രീതിയിൽ ഇത്തരക്കാരെ കൊണ്ട് പ്രസന്റേഷനുകൾ തയ്യാറാക്കിയ അവതരിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപകർ കുട്ടികൾ | |

# SOCIAL STUDIES

## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **കാടും മേടും:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>**വയൽ കിളികൾ:** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | **ഞാനായി നമ്മൾ:** സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസ്സുകൾ |



## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | **സ്മാർട്ട് അപ്:** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 3) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ, പ്രോജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 3) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥലനിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം, കൈവരിക്കുക. | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | **മെഗാ സിനിമ റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5) വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | **ചരിത്ര കൊട്ടാരം:** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# SCIENCE

| ഉപമേഖല: ശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ. | 1.ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണക്കളരി-പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ. | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | 1000/പി.ടി.എ. |
| | 2.സ്കൂൾ തല സയൻസ് എക്സിബിഷൻ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | - |
| | 3.ഗവേഷണാത്മക പ്രോജക്റ്റ് ഏറ്റെടുത്തുള്ള പഠനം by സർവ്വെ, അഭിമുഖം, നിരീക്ഷണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 2.ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 3. <u>ശാസ്ത്രലാബ് നവീകരണം</u> ശാസ്ത്രലാബിനെ കാലാനുസൃതമായി നവീകരിക്കൽ. | ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ. | ജനുവരി മുതൽ 1 മാസം | സയൻസ് ടീച്ചേർസ് | - |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ. | സ്കൂൾ കെട്ടിടത്തിന് മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് സ്കൂളിനാവശ്യമുള്ള വൈദ്യുതി ലഭ്യമാക്കൽ. | 1 വർഷം | പി.ടി.എ | 5 ലക്ഷം MLA/MPഫ |
| 2.പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ-കുട്ടി കുട്ടി-കുട്ടി (Peer Group) എന്നിങ്ങനെ 2 തലത്തിൽ പരിശീലനം. | ആഴ്ചയിൽ 2 ദിവസം | SRG, സയൻസ് ടീച്ചർ | - |
| 3. ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്രപതിപ്പ് എന്നിവ തയ്യാറാക്കൽ | 6 മാസത്തിൽ ഒരിക്കൽ | SRG, സയൻസ് ടീച്ചർ | |
| 4.ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ, സമഗ്രയിൽ ചേർക്കൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിച്ച് ചോദ്യശേഖരം തയ്യാറാക്കൽ - ചോദ്യപേപ്പർ സമഗ്രയിൽ Upload ചെയ്യൽ. | 3 മാസം | SRG, സയൻസ് ടീച്ചർ | 1000/- PTA |
| 5.മോഡൽ, നിർമ്മാണം (ശില്പശാല) | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ ശില്പശാലയിലൂടെ നിർമ്മിക്കൽ | 1 മാസം | SRG, സയൻസ് ടീച്ചർ | 2500/- PTA |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

# ജി. എൻ. എച്ച്. എസ്. എസ്. കിഴുപ്പിള്ളിക്കര

# ജീവശാസ്ത്രം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | പരിസ്ഥിതി ബോധവൽക്കരണം | • പരിസ്ഥിതി ദിനത്തിൽ മരത്തെ നട്ടുപിടിപ്പിക്കൽ• പോസ്റ്റർ മത്സരം | **ജൂൺ 5** | ഇക്കോ ക്ലബ്, ബയോളജി വിഭാഗം | പി.ടി.എ, സയൻസ് ക്ലബ് |
| 2 | ലാബ് ഉപയോഗ നൈപുണ്യങ്ങൾ | ലാബ് സുരക്ഷാ പരിശീലനം, മൈക്രോസ്കോപ്പ് പരിചയം | ജൂൺ 2 ആം ആഴ്ച | ബയോളജി വിഭാഗം | സ്കൂൾ അധ്യാപന ഫണ്ട് |
| 3 | ജൈവ വൈവിധ്യം പരിചയപ്പെടൽ | സ്കൂൾ പരിസരത്തെ സസ്യ-ജന്തു പട്ടിക തയ്യാറാക്കൽ | ജൂലൈ മുഴുവൻ | ബയോളജി വിഭാഗം, സയൻസ് ക്ലബ് | പി.ടി.എ |
| 4 | സസ്യസംരക്ഷണത്തിന് ബോധവത്ക്കരണം | സസ്യോദ്യാനം സന്ദർശനം/ ഹെർബേറിയം നിർമ്മാണം + പ്രവർത്തനപത്രം | ജൂലൈ അവസാനം | ബയോളജി വിഭാഗം | പി.ടി.എ, എസ്.എം.സി |
| 5 | ബയോടെക്നോളജി പരിചയം | ലാബ് വർക്ക് — ടിഷ്യൂ കൾച്ചർ പരിശീലനം | ഓഗസ്റ്റ് 1 ആം ആഴ്ച | അതിഥി അധ്യാപകൻ | സ്ഥാപന സഹായം/സിഎസ്ആർ |
| 6 | പരിസ്ഥിതി പഠനാനുഭവം | ജലാശയത്തിൽ ഫീൽഡ് സ്റ്റഡി, സാമ്പിൾ ശേഖരണം | ഓഗസ്റ്റ് അവസാനം | ബയോളജി വിഭാഗം, ഇക്കോ ക്ലബ് | സയൻസ് ക്ലബ് |
| 7 | ഗവേഷണ വൈദഗ്ധ്യം വളർത്തൽ | വിദ്യാർത്ഥികൾക്ക് ചെറിയ ഗവേഷണ പദ്ധതി + പോസ്റ്റർ അവതരണം | ഓഗസ്റ്റ്—സെപ്റ്റംബർ | അധ്യാപകർ | പി.ടി.എ, സയൻസ് ക്ലബ് |
| 8 | അറിവ് മികവ് പരീക്ഷിക്കൽ | സ്കൂൾതല ബയോളജി ക്വിസ് + മോഡൽ പ്രദർശനം | സെപ്റ്റംബർ പകുതി | സയൻസ് ക്ലബ് | സയൻസ് ക്ലബ്, പൂർവവിദ്യാർത്ഥികൾ |
| 9 | വന്യജീവി സംരക്ഷണം | വൈൽഡ് ലൈഫ് വീക്ക് — ഡോക്യുമെന്ററി, ചർച്ച, പ്രതിജ്ഞ | ഒക്ടോബർ 2–7 | ഇക്കോ ക്ലബ് | പി.ടി.എ |
| 10 | കരിയർ ബോധവൽക്കരണം | "ജീവശാസ്ത്രത്തിൽ ജോലി അവസരങ്ങൾ" — പ്രഭാഷണം | ഒക്ടോബർ 3 ആം ആഴ്ച | കരിയർ ഗൈഡൻസ് സെൽ | എസ്.എം.സി |
| 11 | വിദ്യാർത്ഥി പ്രതിഭാ പ്രദർശനം | വർഷാന്ത്യ സയൻസ് | നവംബർ 2 ആം ആഴ്ച | സയൻസ് ക്ലബ്, ബയോളജി വിഭാഗം | പി.ടി.എ, ജില്ലാതല ഗ്രാന്റ് |

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | | എക്സിബിഷൻ / ബയോ-ഫെയർ | | | |
| 12 | പാഠഭാഗം പുനരാവർത്തനം | പിയർ ലേണിങ്, ഗ്രൂപ്പ് റിവിഷൻ ക്ലാസുകൾ | ജനുവരി–ഫെബ്രുവരി | ബയോളജി വിഭാഗം | സ്കൂൾ അധ്യാപന ഫണ്ട് |
| 13 | പഠന ഫലങ്ങൾ രേഖപ്പെടുത്തൽ | വിദ്യാർത്ഥികളുടെ ശാസ്ത്ര പത്രിക **"യങ് ബയോളജിസ്റ്റ്"** പ്രസിദ്ധീകരണം | മാർച്ച് | അധ്യാപക-വിദ്യാർത്ഥി കമ്മിറ്റി | പി.ടി.എ, ലോക്കൽ സ്പോൺസർമാർ |

---

**ഉപയോഗത്തിന് കുറിപ്പുകൾ:**

- **പാഠ്യപദ്ധതിയുമായി കൂട്ടിച്ചേർക്കുക** — ഓരോ പ്രവർത്തിയും ആ മാസം പഠിപ്പിക്കുന്ന അദ്ധ്യായത്തോടൊപ്പം ആസൂത്രണം ചെയ്യുക.
- **വിദ്യാർത്ഥികളെ നേതൃത്വം നൽകാൻ പ്രോത്സാഹിപ്പിക്കുക** — വിദ്യാർത്ഥികൾക്ക് സംഘാടകൻ, ഡോക്യുമെന്റേഷൻ, ക്ലബ്ബ് സെക്രട്ടറി തുടങ്ങിയ റോളുകൾ നൽകുക.
- **രേഖകൾ തയ്യാറാക്കുക** — ഓരോ പ്രവർത്തനത്തിന്റെയും ലഘു റിപ്പോർട്ടുകൾ, ഫോട്ടോകൾ, റിസൾട്ട് തുടങ്ങിയവ തയ്യാറാക്കുക.
- **വിവിധ ഫണ്ടിംഗ് ഉറവിടങ്ങൾ ഉപയോഗിക്കുക** — പി.ടി.എ, സയൻസ് ക്ലബ് ഫണ്ട്, സോഷ്യൽ റിസ്പോൺസിബിലിറ്റി ഗ്രാന്റുകൾ എന്നിവ ചേർത്ത് ഉപയോഗിക്കുക.

തയ്യാറാക്കിയത് : സിബി. എം. ആർ

(ജി. എൻ. എച്ച്. എസ്. എസ്. കിഴുപ്പിള്ളിക്കര )

# UPPER PRIMARY

# ENGLISH

| Aim | Activities | Month | Responsible Person | Economic Source |
|---|---|---|---|---|
| **To encourage**<br>**<u>Listening & Speaking.</u>**<br><br>**Introduce different genres (fiction, non- fiction, poetry)**<br>**Enhance vocabulary.**<br>**Enhance listening skills.**<br><br><br>**To encourage <u>Reading</u>**<br>**Develop basic reading, writing, listening, and speaking skills.**<br><br>**Cultivate effective communication skills for various contexts.** | **Interactive storytelling sessions discussing themes, characters and plots to enhance listening skills.**<br>**Group discussions and role-plays to improve speaking skills.**<br>**Vocabulary games and exercises to build word knowledge.**<br><br>**Interactive Reading Circles**:<br><br>**Divide students into small groups and provide them with age-appropriate texts, such as short stories or excerpts from novels.**<br><br>**Each group reads the assigned text together and discusses key elements like plot, characters, and themes.**<br><br>**Encourage students to take turns reading aloud and share their interpretations and reactions to the text.**<br><br>**After discussions, each group presents a summary or analysis of their assigned text to the class.**<br><br>**Guided reading sessions with comprehension questions.**<br>**Listening comprehension exercises using audio stories.** | **June**<br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br>**July** | **English Teachers** | **English Club** |

| | | | | |
|---|---|---|---|---|
| **To develop <u>Writing Skills</u>**<br>**Introduce grammatical concepts such as parts of speech, tenses, and sentence structure.**<br>**To develop basic Grammar rules.**<br>**Focus on sentence structure, punctuation, and grammar.**<br><br>**Expand vocabulary through reading and interactive activities.**<br><br>**Introduce different types of writing: narrative, descriptive, persuasive, etc.** | **Debates and presentations for advanced speaking practice.**<br><br>**Expanding vocabulary with context clues from passage.**<br><br>**Improve sentence structure.**<br><br>**Practice for simple creative writing tasks like descriptive paragraphs, short stories, and simple poetry.**<br><br>**Projects and research assignments to foster critical thinking.**<br><br>**Focus on developing paragraphs and essays.**<br>**Teach persuasive writing techniques and argumentation.**<br><br>**Preparing and delivering speeches.**<br>**Listening to and analysing different media sources.**<br><br>**Interactive grammar games.**<br>**Structured grammar lessons with examples and practice exercises.**<br>**Worksheets on parts of speech, punctuation and sentence types.** | **August-December**<br><br>**January -**<br><br>**February** | **English Teachers** | **English Club** |

| | | | | |
|---|---|---|---|---|
| **Language Games, puzzles and Activities**:<br><br><br><br><br><br><br><br><br>**Differentiation and Support**: | **Integrate language games and activities to reinforce vocabulary, grammar, and language skills in an engaging way.**<br><br>**For example, play word association games, charades, or vocabulary bingo to practice new words and concepts**.<br><br>**To create their own poems, stories, dictionary etc and present it to the class**.<br><br>**Recognize and accommodate the diverse learning needs of students through differentiated instruction, including accommodations and modifications for specially abled students and gifted learners.**<br><br>**Provide additional support and resources such as small-group instruction, tutoring, peer mentoring, and remedial programs to help struggling students and challenge advanced learners.**<br><br>**Offer opportunities for enrichment and extension activities to extend learning beyond the core curriculum and cater to students' interests and strengths.** | **Throughout the year** | **English Teachers** | **English Club** |

| | | | | |
|---|---|---|---|---|
| **Assessment and Feedback**: | **Collaborate with learning support specialists, language teachers, and other support staff to ensure inclusive practices and provide targeted support for students with specific learning needs.**<br><br>**Design a range of assessment tasks and tools to measure students' language proficiency, comprehension, and writing skills, including formative and summative assessments.**<br><br>**Use a variety of assessment methods such as quizzes, tests, essays, presentations, projects, and performance tasks to assess different aspects of language learning.**<br><br>**Provide timely and constructive feedback to students that highlights their strengths, identifies areas for improvement, and suggests strategies for further development.**<br><br>**Involve students in self-assessment and reflection activities to promote ownership of their learning process.**<br><br>**Use assessment data to inform instructional planning, identify learning gaps, and differentiate instruction to meet individual student needs.**<br><br>**Provide resources and tips for parents on how to support their child's literacy** | **Throughout the year** | **English Teachers** | **English Club** |

| | | | | |
|---|---|---|---|---|
| Parent Involvement | development at home, including book recommendations, reading strategies, and language enrichment activities.<br><br>Showcase students' and parents' writing through publications, newsletters, or school-wide writing anthologies to celebrate their achievements and foster a culture of writing.<br><br>Encourage parents with expertise in English language teaching, literacy, or language acquisition to share their knowledge and skills with students and teachers.<br><br>Collaborate with parents to create English language learning materials, such as flashcards, games, or resource packs, that can be used in the classroom or sent home for additional practice. | | English Teacher<br><br>English Teachers & PTA Members & parents | English Club |

# SOCIAL STUDIES

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്ര ത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പഠിതാക്കൾ നേടിയെടുക്കൽ | **അടുക്ക്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ വിദ്യാലയം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാ വബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | **Virtual Field Trip**<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത രീതി രൂപ പ്പെടുത്തുക | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ രക്ഷാകർത്താക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | **പ്രകൃതി ദുരന്തം നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സഹ ഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | **നമ്മുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സമ്പാദ്യങ്ങൾ ദുരിതബാധിത പ്രദേശത്തിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി ടി എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളേ ? (ഫീൽഡ് ട്രിപ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, മലയോരങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാനസികലോകം സൃഷ്ടിക്കുന്നു, ആനുകാലികങ്ങളോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിർമ്മാണം കൊണ്ടുണ്ട് ഗീതിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# MATHEMATICS

# മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

# മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

# SCIENCE

അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026
യു. പി സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **ജൈവവൈവിധ്യ പാർക്ക്** ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം എന്നിവ ഉൾകൊള്ളിച്ചു കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം<br><br>**കണ്ടറിയാനൊരു യാത്ര** വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ | അക്കാദമിക് വർഷം | ശാസ്ത്രാധ്യാപകൻ | പി.ടി.എ |
| സർവ്വതോഭദ്രം (മഴക്കാല രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധം | ബോധവൽക്കരണ ക്ലാസ് പ്രാഥമികാരോഗ്യ കേന്ദ്രവുമായി സഹകരിച്ച | ജൂൺ- ജൂലൈ | അദ്ധ്യാപകർ, പി ടി എ, ആരോഗ്യപ്രവർത്തകർ | |
| വാക്സിൻ എടുത്തവരുടെ കണക്ക് ലഭ്യമാക്കൽ | വാക്സിനേഷൻ ബോധവൽക്കരണം- സർവ്വേ | 6 മാസം | ഹെൽത്ത് ക്ലബ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| തൊഴിലിനോടുള്ള മഹത്വം തിരിച്ചറിയൽ പരിസര ശുചിത്വം | ഹരിതകർമ്മ സേനാംഗങ്ങളെ ആദരിക്കൽ ഡ്രൈ ഡേ ആചരണം | | അദ്ധ്യക്ഷൻ, ജെ ആർ സി, സയൻസ് ക്ലബ് | |
| | പരീക്ഷണ കളരി നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരണം തയ്യാറാക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്, സയൻസ് ക്ലബ് | |
| | എക്സ്പ്പോ -എക്സ്പ്ലോർ ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ് |
| | യുറേക്കാ കുട്ടികളിൽ ശാസ്ത്രാവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്രമാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | | | |

# HINDI

മേഖല : അക്കാദമികം    ഉപമേഖല : ഹിന്ദി ഭാഷ ക്ലാസ് തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യ വാരം | 8 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ. CWSN,SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |
| 2 | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന , ഭാഷാപോഷിണി പ്രവർത്തനങ്ങൾ . പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു.CWSN,SLOW LEARNER കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തനപാക്കേജ്. | ജൂൺ രണ്ടാം വാരം | 8,9,10 | ഹിന്ദി അധ്യാപകർ, മറ്റ് ഭാഷാധ്യാപകർ | |
| 3 | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക. ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക., ഹിന്ദിയിൽ എണ്ണം,ആഴ്ച,മാസം , എന്നിവയുടെ ദൈനംദിന അവതരണം | പ്രതിദിനം | 8,9 | ഹിന്ദി അധ്യാപകർ | |
| 4 | CWSN,SLOW LEARNERS കുട്ടികൾക്കായി പ്രത്യേകം പസിലുകൾ, ഐസിടി മുഖാന്തിരം പലവർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം | ആഴ്ചയിൽ ഒരു പ്രാവശ്യം | 8,9,10 | ഹിന്ദി അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 5 | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | ആഴ്ചയിൽ ഒരു പ്രാവശ്യം | 58, 9,10 | ഹിന്ദി അധ്യാപകർ | |
| 6 | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക. | ദിനാചരണവുമായി ബന്ധപ്പെട്ട് | 9,10 | ഹിന്ദി അധ്യാപകർ | |
| 7 | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ജനുവരി | 9,8 | ഹിന്ദി അധ്യാപകർ | |
| 8 | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിനം | 8,9 | ഹിന്ദി അധ്യാപകർ | |
| 9 | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം<br>• ഹിന്ദി ഡോക്യുമെന്ററി, സിനിമ കാണാനുള്ള അവസരം<br>• വാർത്തകൾ കാണാനുള്ള അവസരം | 6 മാസം | 9,10 | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റ് അധ്യാപകർ | |
| 10 | • കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തികൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവർത്തനപാക്കേജുകൾ | 6 മാസം | 8,9, 10 | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റ് അധ്യാപകർ | |